**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 230** **28-02-2023 - ൽ മറുപടിയ്ക്ക്**

**യുവജന കമ്മീഷന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. നജീബ് കാന്തപുരം,<br>ശ്രീ . പി . ഉബൈദുള്ള ,<br>ശ്രീ. അബ്ദുൽ ഹമീദ് പി,<br>ശ്രീ . ടി. വി. ഇബ്രാഹിം | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കേരള സംസ്ഥാന യുവജന കമ്മീഷന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ; | (എ) | യുവാക്കളുടെ ക്ഷേമത്തിനായി മാർഗ്ഗനിർദ്ദേശം നൽകുന്നതിനും അവരെ സഹായിക്കുന്നതിനും കഴിവുകൾ പരിപോഷിപ്പിക്കുന്നതിനും വിദ്യാസമ്പന്നരാക്കുന്നതിനും ശാക്തീകരിക്കുന്നതിനും വേണ്ടി പദ്ധതികൾ ആവിഷ്കരിക്കുകയും നടപ്പിലാക്കുകയും ചെയ്യുന്നതിനും യുവാക്കളുടെ സംരക്ഷകനായി വർത്തിക്കുന്നതിനും വേണ്ടി അർദ്ധ ജുഡീഷ്യൽ അധികാരങ്ങളോടെ നിയമ പ്രകാരം രൂപീകരിക്കപ്പെട്ട സ്ഥാപനമാണ് കേരള സംസ്ഥാന യുവജന കമ്മീഷൻ. |
| (ബി) | പ്രസ്തുത ഉദ്ദേശ്യലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് കമ്മീഷന് കഴിയുന്നുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | പ്രസ്തുത ഉദ്ദേശ്യലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് കമ്മീഷന് കഴിയുന്നുണ്ട്. യുവജനങ്ങളുടെ പരാതിയിന്മേൽ കമ്മീഷൻ നടപടികൾ സ്വീകരിക്കുകയും കമ്മീഷൻ ആസ്ഥാനത്ത് സിറ്റിംഗുകൾ നടത്തുകയും ചെയ്യുന്നുണ്ട്. അതോടൊപ്പം, ജില്ലാതല അദാലത്തുകൾ നടത്തി പരാതികൾ സമയബന്ധിതമായി തീർപ്പുകൽപ്പിക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. വിവിധ പരാതികളിന്മേലുള്ള കമ്മീഷന്റെ ശിപാർശയിന്മേൽ സർക്കാർ തലത്തിലും പൊതുമേഖല/ സർക്കാർ ഇതര സ്ഥാപനങ്ങളും നടപടി സ്വീകരിക്കുകയുണ്ടായിട്ടുണ്ട്. ഇതുവഴി യുവജനങ്ങളുടെ വിവിധ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്. കമ്മീഷൻ നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ മുഖേനയും കമ്മീഷന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് സാധിച്ചിട്ടുണ്ട്. |
| (സി) | കമ്മീഷന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും യുവജന പങ്കാളിത്തം ഉറപ്പാക്കുന്നതിനും | (സി) | കമ്മീഷന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ചുവടെ ചേർത്തിരിക്കുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു. |

| | | | |
|---|---|---|---|
| | സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ? | | **1. പട്ടികജാതി/പട്ടികവർഗ്ഗ കോളനികളിലും കോളേജുകളിലും ബോധവത്ക്കരണ പരിപാടികൾ**<br>യുവജനങ്ങൾക്കിടയിൽ വ്യാപകമായിട്ടുള്ള മദ്യം-മയക്കുമരുന്ന് ദുരുപയോഗം, റാഗിംഗ്, സൈബർ കുറ്റകൃത്യങ്ങൾ, തീവ്രവാദം എന്നിവയ്ക്കെതിരെയും റോഡു സുരക്ഷ, മാനസിക ആരോഗ്യം എന്നിവ സംബന്ധിച്ചും സംസ്ഥാനമൊട്ടാകെ പട്ടികജാതി/ പട്ടികവർഗ്ഗ കോളനികളിലും കോളേജുകളിലും ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിച്ച് വരുന്നു.<br><br>**2. ജില്ലാതലത്തിൽ അദാലത്തുകൾ/ഹിയറിംഗുകൾ/ വിസിറ്റുകൾ**<br>യുവാക്കളുടെ പ്രശ്നങ്ങളും യുവാക്കളുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളും സംബന്ധിച്ച് കമ്മീഷന് ലഭിക്കുന്ന പരാതികളും നിർദ്ദേശങ്ങളും പരിഗണിക്കുന്നതിനായി കമ്മീഷൻ ആസ്ഥാനത്ത് സിറ്റിംഗും ജില്ലാ തലത്തിൽ അദാലത്തുകൾ/ ഹിയറിംഗുകൾ/വിസിറ്റുകൾ എന്നിവയും നടത്തി വരുന്നു.<br><br>**3. ദേശീയ സെമിനാർ**<br>യുവാക്കളുടെ സർഗ്ഗാത്മകതയും നൈപുണ്യവും വികസിപ്പിച്ചു കൊണ്ട് ഉന്നത നിലവാരത്തിലുള്ള നേട്ടങ്ങൾ കൈവരിക്കുവാൻ പ്രാപ്തരാക്കുന്നതിനും വിവിധ തലങ്ങളിലുള്ള പ്രവർത്തനങ്ങളിൽ അവരുടെ സാദ്ധ്യതകളും കഴിവുകളും കണ്ടെത്തുന്നതിലേയ്ക്കും അവബോധം ഉണ്ടാക്കുന്നതിനുമായി വിവിധ മേഖലകളിൽപ്പെട്ട വിദഗ്ധരെ ഉപയോഗപ്പെടുത്തിക്കൊണ്ട് കമ്മീഷൻ പ്രവർത്തനങ്ങൾ നടത്തി വരുന്നു. കൂടാതെ, യുവജനങ്ങളുടെ അവകാശങ്ങൾ, ലിംഗ സമത്വം തുടങ്ങിയ വിഷയങ്ങളിൽ അവബോധം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ രാജ്യത്തെ വിവിധ സംസ്ഥാനങ്ങളിലെ യുവജനങ്ങളെ ഉൾപ്പെടുത്തിക്കൊണ്ട് എല്ലാ വർഷവും ദേശീയ സെമിനാർ സംഘടിപ്പിച്ചു വരുന്നു.<br><br>**4. ആരോഗ്യക്യാമ്പ്**<br>സാമൂഹ്യനീതി വകുപ്പും പട്ടികവർഗ്ഗ വകുപ്പുമായി സഹകരിച്ചുകൊണ്ട് ഗോത്രവർഗ്ഗ വിഭാഗത്തിലെ സ്ത്രീകൾക്ക് ആരോഗ്യരംഗത്ത് ബോധവത്ക്കരണം നൽകുന്നതിനും ആദിവാസി കോളനികളിലെ യുവജനങ്ങളുടെ തൊഴിൽപരവും ആരോഗ്യപരവും സാമൂഹ്യപരവുമായ വികസനം എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി തെരെഞ്ഞെടുക്കപ്പെട്ട ജില്ലകളിൽ |

| | | | |
|---|---|---|---|
| | | | യുവജന കമ്മീഷൻ ആരോഗ്യ ക്യാമ്പുകൾ സംഘടിപ്പിച്ചുവരുന്നു.<br><br>**5. യൂത്ത് ലീഗൽ സപ്പോർട്ട് സെന്റർ**<br>യുവജനങ്ങൾക്ക് സൗജന്യ നിയമ സഹായം നൽകുക എന്ന ഉദ്ദേശ്യത്തോടെ 'യൂത്ത് ലീഗൽ സപ്പോർട്ട് സെന്റർ' പ്രവർത്തിച്ചുവരുന്നു.<br><br>**6. യുവജനങ്ങളുടെ ഫെസിലിറ്റേഷൻ പ്രോഗ്രാം**<br>കോവിഡാനന്തര കേരളീയ സമൂഹത്തിൽ എല്ലാ മേഖലകളിലും സ്വയം പര്യാപ്തത നേടേണ്ടത് അനിവാര്യമാണ്. ഈ ലക്ഷ്യം മുൻനിർത്തി യുവജനങ്ങളുടെ ഫെസിലിറ്റേഷൻ പ്രോഗ്രാമിൽ ഗ്രീൻ യൂത്ത് പദ്ധതി ഉൾപ്പെടുത്തിക്കൊണ്ട് കമ്മീഷനിലെ അംഗങ്ങളുടെ നേതൃത്വത്തിൽ 'ഗ്രീൻ സോൺ' പദ്ധതി വർഷം തോറും നടത്തി വരുന്നു. തരിശ് ഭൂമികൾ കണ്ടെത്തി ആയവ കൃഷിക്ക് അനുയോജ്യമായ രീതിയിൽ പരിവർത്തനപ്പെടുത്തി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ നടപ്പിലാക്കി വരുന്ന പദ്ധതിയാണിത്. ഈ പദ്ധതിയുടെ ഭാഗമായി പരിസ്ഥിതി സംരക്ഷണം, പരിസ്ഥിതി പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തൽ, മാലിന്യ നിർമ്മാർജ്ജനം തുടങ്ങിയ വിഷയങ്ങളിൽ ബോധവൽക്കരണവും നടത്തി വരുന്നു. ഇതുവഴി ഏത് തൊഴിലും അന്തസ്സായി ചെയ്ത് ജീവിതമാർഗ്ഗം കണ്ടെത്തുന്നതിനുള്ള അറിവ് പ്രദാനം ചെയ്യുന്നു. കമ്മീഷൻ നടത്തുന്ന വിർച്വൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് പദ്ധതിയുടെ ഭാഗമായ ജോബ് ഫെസ്റ്റ് സംസ്ഥാനത്ത് തെരഞ്ഞെടുക്കപ്പെടുന്ന 7 കേന്ദ്രങ്ങളിൽ സംഘടിപ്പിച്ച വരുന്നു. പരസ്യ പ്രചരണങ്ങളിലൂടെയും കമ്മീഷൻ അംഗങ്ങൾ, സ്റ്റേറ്റ് കോ-ഓർഡിനേറ്റർമാർ, ജില്ലാ കോ-ഓർഡിനേറ്റർമാർ എന്നിവരുടെ പ്രവർത്തനങ്ങളിലൂടെയും പ്രസ്തുത പദ്ധതികളിൽ യുവജന പങ്കാളിത്തം ഉറപ്പാക്കുന്നു. |

സെക്ഷൻ ഓഫീസർ